A

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

602

## ആത്യന്തിക വിലയിരുത്തൽ II 2025-2026

### കേരള പാഠാവലി

ക്ലാസ്: 6 | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതിയാൽ മതി.

(1) വായിക്കാം, എഴുതാം

കുട്ടികളോടൊപ്പം സമയം ചെലവിടാൻ വളരെയധികം ഇഷ്ടപ്പെട്ട ജവഹർലാൽ നെഹ്രു പ്രകൃതിയും മനുഷ്യരും ഇണങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ഓർമ്മിപ്പിച്ചു.

പൂക്കളെയും കുഞ്ഞുങ്ങളെയും അദ്ദേഹം ഒരുപോലെ സ്നേഹിച്ചു. പൂക്കൾക്കും കുഞ്ഞുങ്ങൾക്കും പൊതുവായി ചില പ്രത്യേകതകൾ ഉണ്ടെന്ന് അദ്ദേഹം കരുതി. രണ്ടും ഈ ഭൂമിയിൽ ഏറ്റവും മനോഹരവും പരിശുദ്ധവുമാണ്.

കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ശക്തനായ വക്താവായിരുന്നു നെഹ്രു. ഇന്ത്യൻ സമൂഹത്തിന്റെ നട്ടെല്ലായി കുട്ടികളെ അദ്ദേഹം കണക്കാക്കി. കുട്ടികളുടെ അവകാശങ്ങൾ, ശിശുസംരക്ഷണം, എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം എന്നിവയെക്കുറിച്ചുള്ള അവബോധത്തിന്റെ ആഘോഷമാണ് ശിശുദിനം.

(ഷൈന കക്കാട്)

a) കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ശക്തനായ വക്താവ് ആരായിരുന്നു?

A. ജവഹർലാൽ നെഹ്രു

B. വിവേകാനന്ദൻ

C. ശ്രീനാരായണ ഗുരു

D. കുമാരനാശാൻ

b) നെഹ്രു കുട്ടികളെ ഓർമ്മിപ്പിച്ചതെന്താണ്?

A. ചരിത്രം പഠിക്കണം

B. പ്രകൃതിയും മനുഷ്യരും ഇണങ്ങി ജീവിക്കണം

C. പ്രകൃതിയെക്കുറിച്ച് പഠിക്കണം

D. ശാസ്ത്രീയ സമീപനം സ്വീകരിക്കണം

c) ഇന്ത്യൻ സമൂഹത്തിന്റെ നട്ടെല്ലായി നെഹ്രു കണക്കാക്കുന്നത് ആരെയാണ്?

A. അധ്യാപകരെ

B. രക്ഷിതാക്കളെ

C. യുവാക്കളെ

D. കുട്ടികളെ

d) പൂക്കൾക്കും കുഞ്ഞുങ്ങൾക്കും ഉള്ള പൊതുവായ പ്രത്യേകതകളെന്താണ്?

A. ചുറുചുറുക്കും സന്തോഷവും
B. ചുറുചുറുക്കും സൗന്ദര്യവും
C. മനോഹരവും പരിശുദ്ധവും
D. ഊർജസ്വലതയും ആജ്ഞാശക്തിയും

e) ശിശുദിനവുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത ഏതെല്ലാം പ്രസ്താവനകളാണ് ശരിയായിട്ടുള്ളത്?

i. കുട്ടികളുടെ അവകാശത്തിന്റെ ആഘോഷമാണ്.
ii. പ്രകൃതിയും മനുഷ്യരും ഇണങ്ങി ജീവിക്കണം.
iii. പൂക്കൾക്ക് ചില പ്രത്യേകതകൾ ഉണ്ട്.
iv. എല്ലാ കുട്ടികളുടെയും വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നു.

A. i ഉം ii ഉം ശരി
B. ii ഉം iii ഉം ശരി
C. i ഉം iv ഉം ശരി
D. ii ഉം iv ഉം ശരി

**(2A)** പോസ്റ്റർ

ജലസംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്ക്കരണത്തിന് സ്കൂളിൽ പ്രദർശിപ്പിക്കാൻ പോസ്റ്റർ തയ്യാറാക്കുക.

**(2B)** എന്നും സന്തോഷമായിരിക്കാൻ മാലാഖ പെൺകുട്ടിയുടെ ചെവിയിൽ പറഞ്ഞ മന്ത്രമെന്ത്?

A. മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടരുത്
B. നിന്നെക്കൊണ്ട് എല്ലാവർക്കും ആവശ്യമുണ്ട്
C. സ്വന്തം കാര്യം നോക്കി ജീവിക്കുക
D. നിനക്കിഷ്ടമുള്ളതുപോലെ ജീവിക്കുക

**(2C)** വയൽ കാഴ്ചകൾ എന്ന കവിതയിൽ കർഷകരുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

i. പനയോലക്കുട ചൂടി പണിയാൻ ഉത്സാഹം പൂണ്ട് എത്തിയവർ
ii. പറകൊട്ടിയും താളം ഒപ്പിച്ച് കൊത്തിക്കിളക്കുന്നവർ
iii. കുരുന്തമരത്തിന്റെ വളഞ്ഞ കൊമ്പിൽ ഇരിക്കുന്നവർ

A. i മാത്രം ശരി
B. i ഉം ii ഉം ശരി
C. i ഉം iii ഉം ശരി
D. i ഉം iv ഉം ശരി

ചുവടെ കൊടുത്ത **(3A), (3B)** എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.


**(3A)**കഥാപാത്രനിരൂപണം

പറക്കാൻ ശ്രമിച്ചപ്പോൾ മാത്രമാണ് പക്ഷിക്കുഞ്ഞിന് തന്റെ ശക്തി തിരിച്ചറിയാൻ കഴിഞ്ഞത്. പ്രയോഗിക്കുമ്പോൾ മാത്രമാണ് അറിവും കഴിവും അർഥപൂർണ്ണമാകുന്നത്.
'ആദ്യത്തെ പറക്കൽ' എന്ന കഥയിലെ കടൽക്കോഴിക്കുഞ്ഞിന്റെ ശക്തിയും ദൗർബല്യവും ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

അല്ലെങ്കിൽ

**(3B)** ലഘു ഉപന്യാസം

"പത്തൊമ്പതാം നൂറ്റാണ്ട് പുരോഗമിച്ചതോടെ മാറ്റത്തിന്റെ ഗതിക്ക് വേഗത കൂടി."
ശാസ്ത്രത്തിന്റെ മുന്നേറ്റത്തെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക.
സൂചകങ്ങൾ ശ്രദ്ധിക്കൂ.




ചുവടെ കൊടുത്ത **(4A), (4B)** എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.

**(4A)** അഭിപ്രായക്കുറിപ്പ്

*"പെൺകുട്ടികൾക്കും സ്ത്രീകൾക്കും വലിയ പരിഗണനയും സ്വാതന്ത്ര്യവും ലഭിക്കുന്ന നാടാണ് കേരളം. ഇവിടെ ഇഷ്ടപ്പെട്ട തൊഴിൽ ചെയ്യാനും പഠിക്കാനുമെല്ലാം അവസരങ്ങളുണ്ട്. ചില തൊഴിലുകൾ കൂടി ചെയ്യുന്നവരായി ഇവിടുത്തെ പെൺകുട്ടികൾ മാറിയാൽ നന്നാവുമെന്ന് തോന്നാറുണ്ട്."*

തൊഴിൽ തേടി കേരളത്തിലെത്തിയ മറുനാടൻ കുടുംബത്തിലെ ദറക്സ പർവീൺ പറഞ്ഞതാണിത്. ഇതിനോടുള്ള നിങ്ങളുടെ അഭിപ്രായം കുറിപ്പായി രേഖപ്പെടുത്തുക.

അല്ലെങ്കിൽ

**(4B)** താരതമ്യക്കുറിപ്പ്

"ഇളനീരിനോടൊത്ത തണ്ണീ-
രിളകിക്കൊണ്ടൊഴുകും കളസ്വപ്നത്താൽ
നിള നല്ലൊരു പാട്ടുകാരി പോലെ

(ഭാരതപ്പുഴ - വള്ളത്തോൾ)

"ഇപ്പോൾ ചെറുകുഴികളിൽ, ചെറുചാലുകളായി വെള്ളം. അതും കറുത്തിരുണ്ട ചായപ്പൊടി വെള്ളം!"

(മൈന ഉമൈബാൻ)

ഒരു കാലത്തെ പുഴയുടെ സുന്ദരമായ സ്ഥിതിയും ഇപ്പോഴത്തെ മലിനീകരണവും സൂചിപ്പിക്കുന്ന വരികളാണ് മുകളിൽ തന്നിരിക്കുന്നത്. താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

(5) സംഭാഷണം

മത്സ്യത്തെ കൊത്തിവിഴുങ്ങുന്ന അമ്മയെ നോക്കി ആഹാരത്തിന് അപേക്ഷിക്കുന്ന കടൽക്കോഴിക്കുഞ്ഞിനെ പാഠഭാഗത്ത് കണ്ടല്ലോ? അവർ തമ്മിൽ നടത്താനിടയുള്ള സംഭാഷണം തയ്യാറാക്കുക.

(6) ആസ്വാദനക്കുറിപ്പ്

നഗരക്കാഴ്ചകൾ

ഇടതടവില്ലാതെ ചീറിപ്പായുന്ന
വാഹനങ്ങൾക്കിടയിൽ
കുട്ടികളെ മാറോട് ചേർത്ത്
ഭിക്ഷ യാചിച്ചു നടക്കുന്ന
നാടോടി സ്ത്രീകൾ
നടപ്പാതകളിൽ
കച്ചവടക്കാരുടെ
ശ്ലോകം പോലെയുള്ള
മാടിവിളികൾ
തീവണ്ടികളുടെ
നീണ്ട കൂകി വിളിക്കിടയിൽ
റെയിൽവേ സ്റ്റേഷനിൽ
ആഹ്ലാദത്തിരക്കുകൾ
മറുഭാഗത്ത് സങ്കടത്തിരക്കുകൾ
ഈ കോലാഹലങ്ങൾക്കൊന്നും
ചെവി കൊടുക്കാതെ
വലിയ തിരക്കോടെ
മൊബൈലും തോണ്ടി ചിലർ

(ജസ)

കവിതയിലെ ആശയവും സ്വന്തം നിരീക്ഷണങ്ങളും ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.